മലയാള നോവലിന്റെ പുതിയ മുഖം അനാവരണം ചെയ്യുകയാണ് സേതുവിന്റെ 'ആറാമത്തെ പെൺകുട്ടി'. എന്നാൽ പരമ്പരാഗത നിരൂപണശൈലികൾക്ക് 'ആറാമത്തെ പെൺകുട്ടി' പോലുള്ള ഒരു നോവൽ അസഹിഷ്ണുതക്കുള്ള നിമിത്തമാകാം. ശീലങ്ങളിൽ നിന്ന് കുതറി മാറുന്നവർക്ക് നേരെ ചമ്മട്ടിയേന്തുന്ന സ്വഭാവം മലയാള നിരൂപണത്തിനുണ്ട്. പക്ഷെ, അസഹിഷ്ണുതകൾക്കും, ചമ്മട്ടിപ്രയോഗങ്ങൾക്കും അപ്പുറമാണല്ലോ സാഹിത്യചരിത്രം....ഒതുക്കത്തോടെ തെളിഞ്ഞ ഭാഷയിൽ സേതു മലയാളത്തിലെ ശക്തമായ ഒരു ഫെമിനിസ്റ്റ് നോവൽ രചിച്ചിരിക്കുന്നു. കഥ നടക്കുന്നത് തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിലാണെങ്കിലും കാദംബരിമാർ ഉടഞ്ഞ പുഷ്പങ്ങളായി, അനാഥജഢങ്ങളായി, വാർത്തകളിൽ നിറയുന്നു. എപ്പോഴും പിഴുതെടുക്കാൻ പാകത്തിന് നില കൊള്ളുന്ന പൂക്കളെപ്പോലെ കാദംബരിയും. മലയാളത്തിലെ ഏറ്റവും ശക്തമായ നോവലുകളിലൊന്നാണ് 'ആറാമത്തെ പെൺകുട്ടി'. മുൻധാരണകൾ തകർക്കുന്ന അപൂർവ്വം കൃതികളിലൊന്ന്. ഒരർത്ഥത്തിൽ 'ആറാമത്തെ പെൺകുട്ടി' യിലൂടെ ഈ എഴുത്തുകാരൻ മനുസ്മൃതി തിരുത്തിക്കുറിക്കുകയാണ്. പുതിയൊരവബോധം കണ്ടെടുക്കുന്ന പെൺകുട്ടിയെ അവതരിപ്പിച്ചു കൊണ്ടു തന്നെ.

*(പി.എം.ഷുക്കൂർ - ചന്ദ്രിക - 26.08.06)*

യുക്തിയുടെ ചിട്ടവട്ടങ്ങൾക്കൊത്ത് ചിന്തിച്ചാൽ കുറെയൊക്കെ നിരർത്ഥകവും, ബാലിശവുമെന്ന് തോന്നാവുന്ന ഒരു കഥ വിചിത്രമായ ജീവിതസമസ്യകളെ അപഗ്രഥിക്കുന്ന അവതരണരീതിയുപയോഗിച്ച് പറഞ്ഞു വെയ്ക്കുമ്പോൾ സേതുവെന്ന കഥാകാരന്റെ തൂലികയുടെ മൂർച്ചയും ശക്തിയും വെളിപ്പെടുന്നു. രക്തത്തിന്റെ ശുദ്ധിയും കുലമഹിമയും പാരമ്പര്യവും എന്നും മനുഷ്യരാശിയെ വിഭ്രമിപ്പിച്ചിട്ടുള്ള ആശയങ്ങളാണ്. മിക്കവാറും സങ്കല്പത്തിൽ മാത്രം നിലനില്പുള്ള ആശയങ്ങൾ. അനന്തരാമന്റെ മകൻ ശങ്കരരാമനെ കുഴക്കി മറിച്ച സങ്കീർണ്ണപ്രശ്നമായി 'രക്തത്തിന്റെ ശുദ്ധി' അവതരിപ്പിച്ചപ്പോഴാണ് അയാളുടെയും ഗോമതിയുടെയും കാദംബരിയുടെയും ജീവിതങ്ങൾ തകിടം മറിയുന്നത്.

*(സുധാ ബാലചന്ദ്രൻ - പുഴ-ഡോട്ട്കോം- ജനുവരി '09)*

നോവലിന്റെ വികാരസാന്ദ്രത നമ്മെ ആകർഷിക്കുന്നു. ഇടിച്ചൊതുക്കിയ ആഖ്യാന ശില്പത്തിൽ വികാരങ്ങളുടെ ധാരാളിത്തം തൂകുവാൻ നോവലിസ്റ്റിന് കഴിയുന്നു. ഭാവസന്ധികൾ അസ്വാസ്ഥ്യം പകരുന്നുണ്ടെങ്കിലും നോവൽ വായനാനന്തരം നമ്മെ പ്രത്യാശയിലേക്ക് മാത്രമാണ് നയിക്കുന്നത്. ശങ്കരരാമന്റെ വാണിജ്യവിഭവമായ പൂക്കൾ നോവലിന്റെ ഏതോ തലത്തിൽ മണം പൊഴിച്ച് പൂത്തുലയുന്നതായി എനിക്ക് തോന്നി. വിരഹതപ്തവും ദു:ഖസങ്കലിതവുമാണെങ്കിലും നോവലിന്റെ പ്രമേയം നമ്മെ ഓർമ്മകളിലൂടെ പിന്തുടരുന്നു. പൂക്കളുടെ നിറവും മണവുമൊക്കെ നമ്മെ വ്യാമുഗ്ധമാക്കുന്നു. വ്യക്തിപരതയുടെയും ആർദ്രമായ മാനസികബന്ധങ്ങളുടെയും നറുനിലാവ് 'ആറാമത്തെ പെൺകുട്ടിയുടെ' ഭാവാന്തരീക്ഷത്തിൽ നിറഞ്ഞു നില്ക്കുന്നു. നോവലിലെ

അസ്വാസ്ഥ്യങ്ങളുടെ മേലെ ഈ സൗകുമാര്യത്തിന്റെ സൗഗന്ധികങ്ങൾ വിടരുന്നതായി തോന്നുന്നു. വൈരുദ്ധ്യങ്ങളിൽ നിന്ന് സൃഷ്ടിക്കപ്പെടുന്നയൊരു സൗന്ദര്യമായി ഇത് നോവലിൽ നിറയുന്നു.

*(വി.എം.വിനയകുമാർ - സാഹിത്യവിമർശം - ജനുവരി-മാർച്ച് '09)*

കാദംബരിയുടെ ആർദ്രത നിറഞ്ഞ കഥ. വൈകാരികമായ പീഡാനുഭവത്തിന്റെയും സാമൂഹികമായ പീഡാനുഭവത്തിന്റെയും മുള്ളുകൾ അവളിൽ തറയ്ക്കുന്നു. അനാഥകാല വും വ്യർത്ഥമായ സനാഥകാലവും കാദംബരിയുടെ ജീവിതത്തിൽ ഇരുൾ വീഴ്ത്തുന്നു. വർണ്ണാഭമായ പൂക്കളുടെ നടുവിലിരുന്നിട്ടും അവയുടെ സുഗന്ധോത്സവങ്ങൾ അവൾക്ക് അന്യമാകുന്നു. പെണ്ണുടലിന്റെ പെരുമയെക്കുറിച്ചു പുരുഷവ്യവസ്ഥ സൃഷ്ടിച്ചിട്ടുള്ള ലൈംഗികമൂല്യം മൂലം ആസക്തി നിറഞ്ഞ നോട്ടങ്ങൾ അവൾക്കു നേരെ വിക്രിയകളു മായി അടുക്കുന്നു. ചെറുത്തുനില്പിനുള്ള ശേഷിയില്ലാത്തവൾ കാദംബരി. അശക്തമായ സ്ത്രൈണതയുടെ അന്തർഗ്ഗതങ്ങൾ ആഖ്യാനപ്പെടുത്തുന്ന നോവലാണിത്. ഈ ആഖ്യാന മാകട്ടെ പ്രതിരോധക്കോട്ട തീർക്കുന്ന രാഷ്ട്രീയമുഴക്കങ്ങൾ എന്നതിനെക്കാൾ സ്ത്രൈണാനുഭവത്തിന്റെ വിശദീകരണമാണ്....സന്നിഗ്ധതകളും സന്ദേഹങ്ങളും പേറുന്ന വരാണ് സേതുവിന്റെ കഥാപാത്രങ്ങൾ. വർഗ്ഗജാതിപരമായി മേൽത്തട്ടിൽ നില്ക്കുന്നവർ ക്കാകട്ടെ വേവലാതികളൊന്നുമില്ല. മുഖ്യധാരയ്ക്ക് വെളിയിൽ നില്ക്കുന്നവരുടെ യാതന കളുടെ ഒരു മുഖം ഈ നോവൽ ഓർമ്മിപ്പിക്കുന്നു. വിലാസരഹിതരായവരുടെ ജീവിതകാഠിന്യങ്ങൾ വെളിപ്പെടുത്തുന്നു 'ആറാമത്തെ പെൺകുട്ടി', വിശേഷിച്ചു സ്ത്രീകളുടെ....

*(സി.എ.അനസ് - എന്നെ മറന്നിടാതെ കണ്ണേ - സേതു - എഴുത്തും വായനയും - മാർച്ച് 2011)*